പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5249 — 01.07.2014-ൽ മറുപടിയ്ക്ക്

## ' മിഷൻ 676' ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ' മിഷൻ 676' ൽ ഉൾപ്പെടുത്തി ഊർജ്ജ വകുപ്പു മന്ത്രിയുടെ ഭരണ ചുമതലയുള്ള ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | 'മിഷൻ 676'-ൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കുന്ന പദ്ധതികൾ 'മിഷൻ 676' എന്ന ലഘുലേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>അനെർട്ട് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1) 100 ദിവസത്തിനുള്ളിൽ ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി, ചേർത്തല താലൂക്ക് ആശുപത്രി, മണ്ണുത്തി പന്നി വളർത്തൽ കേന്ദ്രം എന്നിവിടങ്ങളിലെ സോളാർ പവർ പ്ളാൻറുകൾ പ്രവർത്തന സജ്ജമാക്കൽ.<br><br>2) 100-200 ദിവസത്തിനുള്ളിൽ പാലക്കാട് കുഴൽമന്ദത്തെ 2 മെഗാവാട്ട് ഗ്രിഡ് ഇൻററാക്ടീവ് സോളാർ പവർ പ്ളാൻറ് പ്രവർത്തന സജ്ജമാക്കൽ.<br><br>3) 100-200 ദിവസത്തിനുള്ളിൽ റൂഫ് ടോപ്പ് സോളാർ പവർ പ്ളാൻറ് പ്രോഗ്രാമിൽ പൂർത്തിയാക്കാൻ ബാക്കിയുള്ള 1 കിലോ വാട്ട് വീതം ശേഷിയുള്ള 3600 -ഓളം എണ്ണത്തിൻെറ പണി പൂർത്തിയാക്കൽ.<br><br>ഇ. എം. സി. വഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>110.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാവുന്ന 25 ചെറുകിട ജല വൈദ്യുത പദ്ധതികൾ മത്സര ദർഘാസിൻെറ അടിസ്ഥാനത്തിൽ BOOT അടിസ്ഥാനത്തിൽ സ്വതന്ത്രവും ക്യാപ്റ്റീവും ആയ സ്വകാര്യ സംരംഭങ്ങൾക്ക് 30 വർഷത്തേയ്ക്ക് നൽകുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |

ഗതാഗത വകുപ്പിൽ നിന്നും മിഷൻ 676 ന്റെ പദ്ധതിയിൽ കൊച്ചി മെട്രോ റെയിൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി എന്തുതുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ ?

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ ആർ.എ.പി.ഡി.ആർ.പി — പാർട്ട് (ബി) യിൽ 1078 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികളാണ് 'മിഷൻ 676' ൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്. ആർ.ജി.ജി.വി.വൈ പദ്ധതിയിൽ 200 കോടി രൂപ അടങ്കൽ തുകയുള്ള പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

'മിഷൻ 676' ൽ ഉൾപ്പെടുത്തിയിട്ടുള്ള ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഏകദേശം 442 കോടി രൂപ ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രസരണ മേഖലയിലെ പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുന്നതിന് ഏകദേശം 915 കോടി രൂപയാണ് അടങ്കൽ തുക കണക്കാക്കിയിട്ടുള്ളത്.

അനെർട്ട് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ ഒന്നാമത്തെ പ്രോജക്ടിന് മൊത്തമായി 81.90 ലക്ഷം രൂപയും രണ്ടാമത്തേതിന് 1600 ലക്ഷം രൂപയും മൂന്നാമത്തേതിന് 1404 ലക്ഷം രൂപയും ആവശ്യമായി വരും.

ഇ. എം. സി. മുഖേന സ്വകാര്യ സംരംഭകരാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കേന്ദ്ര സർക്കാർ അംഗീകരിച്ച കൊച്ചി മെട്രോയുടെ സാമ്പത്തിക ഘടന പ്രകാരം ആകെ വേണ്ടി വരുന്നത് 5181.79 കോടി രൂപയാണ്.

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്